LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1-3-2014 മുതലും ദേശീയപാതാ വിഭാഗത്തിൽ 17-9-2014 മുതലും കെട്ടിട വിഭാഗത്തിൽ 02/2014 മുതലുമുള്ള കടിശ്ശികയാണ് കരാറുകാർക്ക് നൽകാനുള്ളത്.

(ബി) 15-8-2014 മുതൽ കരാറുകാരൻ നിർമ്മാണം നിർത്തിവച്ചിരിക്കുകയാണ്.

(സി) പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് 57,72,213 രൂപ കടിശ്ശിക ഇനത്തിൽ സർക്കാരിൽ നിന്നും ലഭ്യമാക്കാനുണ്ട്.

(ഡി) നിർമ്മാണം പുനരാരംഭിക്കുവാൻ കരാറുകാരന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിക്കാൻ വേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ കരാറുകാരനുമായി ചർച്ച നടത്തുകയും തുടർ പ്രവൃത്തികൾ എത്രയും വേഗത്തിൽ പൂർത്തീകരിക്കാമെന്ന് കരാറുകാരൻ ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

ഗുരുവായൂർ റെയിൽവേ മേൽപ്പാല നിർമ്മാണം

160 (2656) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂർ റെയിൽവേ മേൽപ്പാല നിർമ്മാണത്തിന് അനുമതി നൽകുമോ ;

(ബി) പ്രസ്തുത റെയിൽവേ മേൽപ്പാലത്തിന് സംസ്ഥാന വിഹിതമായി എത്ര ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത് ;

(സി) ഇതിനായി എത്ര സെന്റ് ഭൂമി ഏറ്റെടുക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗുരുവായൂർ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് മാനേജിംഗ് ഡയറക്ടർ, റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ കേരള ലിമിറ്റഡ് സമർപ്പിച്ച വിശദമായ പദ്ധതി നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്.

(ബി) 2015-16 ബജറ്റിൽ തുകയൊന്നും നീക്കിവച്ചിട്ടില്ല.

(സി) പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് 20 സെന്റ് ഭൂമി ഏറ്റെടുക്കേണ്ടിവരും. എന്നാൽ സ്ഥലം ഏറ്റെടുക്കുന്ന കാര്യത്തിൽ തീരുമാനമൊന്നും ആയിട്ടില്ല.

കരാറുകാരുടെ കുടിശ്ശിക തുക

161 (2657) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുകളും പാലങ്ങളും വിഭാഗം കരാറുകാർക്ക് 2015 മേയ് 31 വരെ എത്ര തുക കുടിശ്ശിക നൽകാനുണ്ട് ;

(ബി) കെട്ടിടവിഭാഗം കരാറുകാർക്ക് 2015 മേയ് 31 വരെ എത്ര തുക കുടിശ്ശിക നൽകാനുണ്ട് ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കരാറുകാർക്ക് 2014 മാർച്ച് മുതൽ 2015 ഫെബ്രുവരി വരെ കുടിശ്ശിക ബില്ലിനത്തിൽ 1319.47 കോടി രൂപ (ആയിരത്തിമുന്നൂറ്റി പത്തൊമ്പത് കോടി നാല്പത്തിയേഴ് ലക്ഷം രൂപ) നൽകാനുണ്ട്. 2015 മാർച്ച് മുതലുള്ള വിവരം ലഭ്യമായിട്ടില്ല.

(ബി) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ കരാറുകാർക്ക് 2014 മാർച്ച് മുതൽ 2015 ഫെബ്രുവരി വരെ 431,23,98,371 രൂപ (നാനൂറ്റി മുപ്പത്തിയൊന്ന് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റിയെണ്ണായിരത്തി മുന്നൂറ്റി എഴുപത്തിയൊന്ന് രൂപ) കുടിശ്ശിക നൽകാനുണ്ട്. 2015 മാർച്ച് മുതലുള്ള വിവരം ലഭ്യമായിട്ടില്ല.

ആലത്തിയൂർ പള്ളിക്കടവ് റോഡ്

162 (2658) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് പഞ്ചായത്തിലെ ആലത്തിയൂർ പള്ളിക്കടവ് റോഡ് റബറൈസ് ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ നടപടി ഏതു വരെയായി എന്നു വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly